©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2026 ഫെബ്രുവരി 07
07th February 2026
1201 മകരം 24
24th Makaram 1201
1947 മാഘം 18
18th Magha 1947

നമ്പർ
No.
518

ഫാറം നം 4
ചട്ടം 11 (3) കാണുക
വിജ്ഞാപനം

കെ 2 – 1087563/2025 *2026 ഫെബ്രുവരി 01*

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേയ്ക്കായി അതായത് തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കഴക്കൂട്ടം, പള്ളിപ്പുറം എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന വെട്ടുറോഡ് റെയിൽവേ മേൽപ്പാലം നിർമ്മാണം, റോഡ്സ് &ബ്രിഡ്ജസ് ഡെവെലപ്മെൻറ്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് വേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും ,

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ആക്ട് 2013 ലെ (2013 ലെ 30 – കേന്ദ്ര ആക്ട്) 4–ാം വകുപ്പിന്റെ വകുപ്പ് 1–ാം ഉപവകുപ്പ് അനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താഴെപട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.

ആയതിനാൽ 2013 ലെ RFCTLARR ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹിക ആഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ സാമൂഹിക ആഘാത വിലയിരുത്തൽ യൂണിറ്റായ **രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി പി.ഒ, കളമശ്ശേരി**, പ്രിൻസിപ്പൽ &ചെയർപേഴ്സൺ (ഇമെയിൽ ഐഡി rajagirisia@gmail.com, Ph : 0484 2911332/2550785, P.O – 683104) ടി പ്രവൃത്തി **60** ദിവസം കാലയളവിൽ പൂർത്തീകരിക്കേണ്ടതും യാതൊരുവിധ കാരണവശാലും ആറ് മാസകാലയളവിൽ അധികമാകാൻ പാടില്ലാത്തതുമാണ്.

പട്ടിക 1

ജില്ല – തിരുവനന്തപുരം **താലൂക്ക് – തിരുവനന്തപുരം**

വില്ലേജ് – കഴക്കൂട്ടം

ക്രമ നമ്പർ	ബ്ലോക്ക്	സർവ്വേ നമ്പർ	വിവരണം	വിസ്തീർണ്ണം (ആറിൽ)
1	11	2	പുരയിടം	10
2	11	3	പുരയിടം/ നിലം	1
3	11	14	പുരയിടം	12
4	11	15	പുരയിടം	11
5	11	25	പുറമ്പോക്ക്	1
6	11	26	പുരയിടം	11
7	11	27	പുരയിടം	10
8	11	28	പുരയിടം	2
			ആകെ	**58**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക 2

ജില്ല – തിരുവനന്തപുരം ***താലൂക്ക്*** **– തിരുവനന്തപുരം**

വില്ലേജ് – പള്ളിപ്പുറം

ക്രമ നമ്പർ	ബ്ലോക്ക്	സർവ്വേ നമ്പർ	വിവരണം	വിസ്തീർണ്ണം (ആറിൽ)
1	9	200	പുരയിടം/ നിലം	10
2	9	201	പുരയിടം	17.30
3	9	202	പുറമ്പോക്ക്	2.30
4	9	203	പുരയിടം	12
5	9	204	പുറമ്പോക്ക്	11.40
6	9	205	പുരയിടം	4
7	9	206	പുരയിടം	3
			ആകെ	**60**

ആകെ വിസ്തീർണ്ണം : **118 ആർ**

(ഒപ്പ്)
ജില്ലാ കളക്ടർ
തിരുവനന്തപുരം

വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നില്ല.എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കഴക്കൂട്ടം, പള്ളിപ്പുറം എന്നീ വില്ലേജുകളിൽ വെട്ടുറോഡ് റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് റോഡ്സ് &ബ്രിഡ്ജസ് ഡെവെലപ്മെൻറ്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ആക്ട് 2013 ലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹിക ആഘാത നിർവ്വഹണപദ്ധതി നടത്തുന്നതിനും തിരുവനന്തപുരം ജില്ലയിലെ സാമൂഹിക ആഘാത വിലയിരുത്തൽ യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് , രാജഗിരി പി.ഒ , കളമശ്ശേരി P.O യ്ക്ക് അനുമതി നൽകി . ആയത് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശചട്ടം 2015 ലെ വ്യവസ്ഥകൾക്ക് വിധേയമായി ചട്ടം 11(3) പ്രകാരം വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

(ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേക്കായി മാത്രം)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.07 08:50:31 +05:30